# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 06-03-2010 മുതൽ 12-03-2010 വരെ)

## ചെപ്പടി ബിനുവിന്റെ കൊല; ആറുപേർ അറസ്റ്റിൽ

മുരുക്കുംപുഴ സ്വദേശിയും കുപ്രസിദ്ധ ഗുണ്ടയുമായ ചെപ്പടി ബിനു എന്നുവിളിക്കുന്ന ബിനുവിനെ 4-3-2010 ന് രാത്രി 9 മണിയോടുകൂടി ചിറയിൻകീഴുള്ള കന്നുകാലി വനം എന്ന സ്ഥലത്ത് വച്ച് ആറോളം പേർ ചേർന്ന് വെട്ടികൊലപ്പെടുത്തിയ കേസിലെ പ്രതികളായ മുരുക്കുംപുഴ സ്വദേശികളായ സന്തോഷ്, അജി, മണികണ്ഠൻ, രതീഷ്, കിങ്കരൻ ബിനു എന്നുവിളിക്കുന്ന കുളത്തൂർ സ്വദേശി രതീഷ്, കണിയാപുരം സ്വദേശി സുരേഷ് എന്നിവരെ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നും 9-3-2010 ന് പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 159/10, TVM RL, Chirayinkeezhu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. B. Rajendran DySP, Sri. C. Vinod CI, Sri. G.B. Mukesh SI, Sri. Shaji SI, Sri. Binukumar SI, Sri. Ramesh Kumar SI, Sri. Rakesh SI, GHCs 7636, 9574, PCs 1073, 9935, 1099, ARPCs 2591, 3333, 3965, DVR Hav. 1643

## നിരവധി മോഷണകേസുകളിലെ പ്രതി അറസ്റ്റിൽ

11-3-2010 തീയതി വൈകി 6 മണിയോടുകൂടി ചവറ പോലീസ് ശക്തികുളങ്ങര ഭാഗത്ത് പട്രോൾ ഡ്യൂട്ടി നോക്കവെ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട ഫ്രെഡ്ഡി എന്നയാളെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിൽ ഇയാൾ നിരവധി മോഷണം നടത്തിയതായി അറിയാൻ കഴിഞ്ഞു.

(Cr. 319/10, KLM, Chavara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Sreekumar CI, HCs 4875, 5242, 4977, ARPC 5915

## ചീട്ടുകളി സംഘം അറസ്റ്റിൽ

പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മുളിയങ്ങൽ കാനൽ ബ്രിഡ്ജിന്റെ പരിസരത്ത് വൻ തുക വച്ച് ചീട്ടുകളിക്കുന്നതായി പോലീസിന് 9-3-2010 തീയതി വൈകിട്ട് നാലുമണിയോടുകൂടി രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പേരാമ്പ്ര പോലീസ് റെയ്ഡ് ചെയ്ത് 22,000/- രൂപയും ഇതുമായി ബന്ധപ്പെട്ട് ആറുപേരെയും അറസ്റ്റ് ചെയ്തു.

(Cr. 143/10, KKD RL, Perambra PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Pradeesh Addl. SI, GHC 5498, PC 7077

## കുപ്രസിദ്ധ ക്ഷേത്ര മോഷ്ടാവ് അറസ്റ്റിൽ

കുപ്രസിദ്ധ ക്ഷേത്ര മോഷ്ടാവ് എറണാകുളം പാലാരിവട്ടം കിസാൻ കോളനി തോപ്പിൽ വീട്ടിൽ നാസറിനെ 6-3-2010 തീയതി രാത്രി 9.30 മണിയോടെ എറണാകുളം അംബേദ്കർ സ്റ്റേഡിയത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് നിന്നും സെൻട്രൽ പോലീസ് കവർച്ചാ ശ്രമത്തിനിടെ അറസ്റ്റ് ചെയ്തു.

(Cr. 597/10, EKM City, Central PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. G. Venu CI, Sri. P.S. Shiju SI, PCs 8977, 8917, 7289, HC 7877

## ചീട്ടുകളി സംഘം അറസ്റ്റിൽ

നടക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇരഞ്ഞിപ്പാലം PHED റോഡിൽ പണം വച്ച് ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന 6 അംഗ സംഘത്തെ 8-3-2010 തീയതി രാത്രി 10 മണിയോടുകൂടി നടക്കാവ് പോലീസ് അറസ്റ്റ് ചെയ്തു. ഇവരുടെ പക്കൽ നിന്നും 2855/- രൂപയും പിടിച്ചെടുത്തു.

(Cr. 104/10, KKD City, Nadakavu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. K.K. Biju SI, Sri. Rajesh Addl. SI, Sr. Sunil Addl. SI, PCs 7311, 6959, ARPC 8684

കുറിപ്പ് :- ജില്ലകളിൽ നിന്നും കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. താഴെപ്പറയുന്ന ജില്ലകളിൽനിന്നും ഒരു പ്രശംസനീയ കർത്തവ്യ നിർവ്വഹണ വിവരവും ലഭ്യമായിട്ടില്ല. തിരുവനന്തപുരം സിറ്റി, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം റൂറൽ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്.

New Bank House 12.03.2010

To

The PS to Hon. Home Minister